സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 മെയ് 24 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ





## ചർച്ച പരാജയം; ജൂൺ ഏഴ് മുതൽ സംസ്ഥാനത്ത് അനിശ്ചിതകാല ബസ് സമരം

തിരുവനന്തപുരം: വിവിധ ആവശ്യങ്ങളിൽ മന്ത്രിയുടെ ഉറപ്പ് ലഭിക്കാത്തതിനെ തുടർന്ന് ബസ് സമരത്തിലുറച്ച് സ്വകാര്യ ബസുടമകൾ. പ്രഖ്യാപിച്ച അനിശ്ചിതകാല ബസ് സമരം ജൂൺ ഏഴ് മുതൽ നടത്തുമെന്ന് ബസുടമകൾ അറിയിച്ചു.

വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യാനായി ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്നാണ് ഈ തീരുമാനം. വിദ്യാർഥികളുടെ മിനിമം കൺസഷൻ അഞ്ച് രൂപയാക്കണം, കൺസഷൻ നിരക്ക് ടിക്കറ്റിന്റെ 50 ശതമാനമാക്കണം, കൺസഷന് പ്രായപരിധി നിശ്ചയിക്കണം, ലിമിറ്റഡ് സ്റ്റോപ്പ് പെർമിറ്റ് നിലനിർത്തണം എന്നിവയാണ് സ്വകാര്യ ബസുടമകൾ മുന്നോട്ട്വയ്ക്കുന്ന ആവശ്യങ്ങൾ. ചർച്ചയിൽ ഈ ആവശ്യങ്ങൾ പരിഗണിക്കാമെന്ന് മാത്രമാണ് മന്ത്രി അറിയിച്ചത്. യാതൊരു ഉറപ്പും ലഭിച്ചില്ല, ഇതോടെയാണ് സമരവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചതെന്നും സമരം നടത്തുമെന്ന് കാണിച്ച് ഗതാഗതമന്ത്രിക്ക് നോട്ടീസ് നൽകിയതായും സമരസമിതി കൺവീനർ ടി. ഗോപിനാഥ് അറിയിച്ചു.

## അഴിമതി അന്വേഷണത്തിന് പിന്നാലെ തീപിടിത്തം

# ദുരൂഹതയുടെ പുകയിൽ മെഡിക്കൽ സർവീസസ് കോർപറേഷൻ

തിരുവനന്തപുരം: ഫയർമാന്റെ ജീവനെടുത്ത തിരുവനന്തപുരം മേനംകുളത്തെ കിൻഫ്ര പാർക്കിലുണ്ടായ തീപിടിത്തത്തിൽ ഗുരുതര വീഴ്ച ഉണ്ടായതായി കണ്ടെത്തൽ. തീപിടിത്തമുണ്ടായ മെഡിക്കൽ സർവീസസ് കോർപറേഷന്റെ ഗോഡൗൺ ഒരു സുരക്ഷാ മാനദണ്ഡവും പാലിച്ചിരുന്നില്ലെന്നാണ് വ്യക്തമാകുന്നത്. കെട്ടിടത്തിൽ സൂക്ഷിച്ചിരുന്നതിൽ അധികവും കാലാവധി കഴിഞ്ഞ മരുന്നുകളായിരുന്നു. തീപിടിക്കാൻ കാരണമാകുന്ന പതിനേഴോളം വസ്തുക്കൾ കെട്ടിടത്തിൽ ഉണ്ടായിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. ക്ലോറിൻ അടക്കം സൂക്ഷിച്ചിരുന്നത് ഒരു മാനദണ്ഡങ്ങളും പാലിക്കാതെയാണ് അഗ്നിശമനസേനയുടെ എൻ.ഒ.സി കൂടാതെയാണ് ഈ മരുന്ന് സംഭരണശാലയുടെ കെട്ടിടം പ്രവർത്തിച്ചതെന്ന് ഇന്നലെ സംഭവസ്ഥലത്തെത്തിയ ഫയർഫോഴ്സ് മേധാവി ഡി.ജി.പി ബി.സന്ധ്യ പറഞ്ഞിരുന്നു. തീ കെടുത്താനുള്ള ഒരു ഉപകരണങ്ങളും ഇവിടെ ഉണ്ടായിരുന്നില്ല. കെട്ടിടത്തിൽ ബ്ലീച്ചിങ് പൗഡർ വൻതോതിൽ സൂക്ഷിച്ചിരുന്നു. അതിൽ വെള്ളംവീണാൽ പുകയാൻ സാധ്യതയുണ്ട്. ആൽക്കഹോൾ അടങ്ങിയ ദ്രാവകവുമായി ബ്ലീച്ചിങ് സമ്പർക്കത്തിലായാൽ തീ കത്താൻ സാധ്യതയുണ്ടെന്നും ഫയർഫോഴ്സ് മേധാവി ചൂണ്ടിക്കാട്ടിയിരുന്നു. കൊറോണ കാലത്ത് മരുന്ന് വാങ്ങിയ അഴിമതിയിൽ അന്വേഷണം നടക്കുന്നതിനിടെയാണ് തീപടിത്തമുണ്ടായതെന്ന് ദുരൂഹത വർധിപ്പിക്കുകയാണ്.



കഴിഞ്ഞ ദിവസം മേനംകുളത്തെ കിൻഫ്ര പാർക്കിലെ മെഡിക്കൽ സർവീസസ് കോർപറേഷന്റെ ഗോഡൗണിലുണ്ടായ തീപിടിത്തം

## എ.ഐ ക്യാമറ നിരീക്ഷണം: നിയമലംഘനങ്ങളിൽ

# ജൂൺ അഞ്ച് മുതൽ പിഴ ഈടാക്കും

തിരുവനന്തപുരം : സംസ്ഥാനത്ത് എ.ഐ ക്യാമറകൾ കണ്ടെത്തുന്ന നിയമലംഘനങ്ങളിൽ ജൂൺ അഞ്ചാം തീയതി മുതൽ പിഴ ഈടാക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു. കേന്ദ്ര സർക്കാർ തീരുമാനം വരുന്നത് വരെ 12 വയസിൽ താഴെയുള്ള കുട്ടിയുമായി ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്താൽ പിഴ ഈടാക്കില്ല. കേന്ദ്ര തീരുമാനം വന്നതിന് ശേഷം മാത്രമേ പിഴ ഈടാക്കുകയുള്ളൂ.

ഇക്കാര്യത്തിൽ മോട്ടോർ വാഹന നിയമ ഭേദഗതിക്കായി കേന്ദ്രത്തോട് ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. ഗതാഗതമന്ത്രി വിളിച്ച ഉന്നത തല യോഗത്തിൽ സംസ്ഥാനത്ത് പുതുതായി സ്ഥാപിച്ച 732 എ.ഐ ട്രാഫിക ക്യാമറകൾ വഴി ജൂൺ മാസം അഞ്ചു മുതൽ പിഴയീടാക്കാനാണ് തീരുമാനം. നേരത്തെ ഈ




മാസം 20 മുതൽ പിഴയീടാക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇത് വീണ്ടും നീട്ടുകയായിരുന്നു. മെയ് അഞ്ച് മുതലാണ് ബോധവൽക്കരണ നോട്ടീസ് അയച്ച് തുടങ്ങിയത്. ഈ സാഹചര്യത്തിൽ ഒരു മാസം മുന്നറിയിപ്പ് നോട്ടീസ് നൽകിയ ശേഷം പിഴയീടാക്കി തുടങ്ങിയാൽ മതിയെന്ന് സർക്കാർ തീരുമാനിക്കുകയായിരുന്നു. അനധികൃത പാർക്കിംഗിനാണ് ഏറ്റവും കുറഞ്ഞ പിഴത്തുക.

നഗര- ഗ്രാമ വ്യത്യസമില്ലാതെ 726 എ.ഐ ക്യാമറകളാണ് സംസ്ഥാനത്താകെ സ്ഥാപിച്ചിട്ടുള്ളത്.അമിതവേഗം, സീറ്റ് ബെൽറ്റും- ഹെൽമറ്റും ധരിക്കാതെയുള്ള യാത്ര, ഡ്രൈവ് ചെയ്യുമ്പോഴുള്ള മൊബൈൽ ഉപയോഗം, രണ്ടുപേരിൽ കൂടുതൽ ഇരുചക്രവാഹനത്തിൽ യാത്ര ചെയ്യുന്നത്, റെഡ് ലൈറ്റ് മറികടക്കൽ എന്നിവയാണ് എ.ഐ ക്യാമറകൾ പിടികൂടുന്നത്. ട്രയൽ റൺ നടത്തിയപ്പോൾ പ്രതിദിനം 95,000 വരെ നിയമലംഘനങ്ങൾ കണ്ടെത്തിയിരുന്നു.

## മൂന്ന് കുട്ടികളുൾപ്പെടെ ഒരു വീട്ടിലെ അഞ്ച് പേരെ മരിച്ച നിലയിൽ കണ്ടെത്തി

കണ്ണൂർ: കണ്ണൂർ പാടിച്ചാൽ വാച്ചാലിൽ അഞ്ച് പേരെ മരിച്ച നിലയിൽ കണ്ടെത്തി. ഒരു വീട്ടിലാണ് അഞ്ച് പേരുടെയും മൃതദേഹം കണ്ടെത്തിയത്. ശ്രീജ, മക്കളായ സൂരജ് (12), സുരഭി (8) , സുജിൻ (10) , ശ്രീജയുടെ ഭർത്താവ് ഷാജി എന്നിവരാണ് മരിച്ചത്. ഇന്ന് പുലർച്ചയോടെയാണ് ചെറുവത്തൂരിനടുത്ത് പാടിച്ചാലിൽ മൃതദേഹങ്ങൾ കണ്ടെത്തിയത്.

ശ്രീജയുടെ ആദ്യ വിവാഹബന്ധത്തിലെ മക്കളാണ് മരിച്ചത്. ശ്രീജയും ഷാജിയും രണ്ടാഴ്ച മുമ്പാണ് വിവാഹിതരായത്. ഇക്കഴിഞ്ഞ 16നായിരുന്നു ഇവരുടെ വിവാഹം.



മരണപ്പെട്ട ഷാജിയും ശ്രീജയും

മാതാവും രണ്ടാം ഭർത്താവും മക്കളെ കൊലപ്പെടുത്തിയതിന് ശേഷം ആത്മഹത്യ ചെയ്തതെന്നാണ് പോലിസിന്റെ പ്രാഥമിക നിഗമനം. മൂന്ന് കുട്ടികളെയും സ്റ്റെയർകേസിൽ കെട്ടിത്തൂക്കിയ നിലയിലാണ് കണ്ടെത്തിയത്.

# വി.എസ് ശിവകുമാറിന് വീണ്ടും ഇ.ഡി നോട്ടീസ്

കൊച്ചി: മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ വി.എസ് ശിവകുമാറിന് വീണ്ടും ഇ.ഡി നോട്ടീസ്. തിങ്കളാഴ്ച കൊച്ചിയിലെ ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരാകാനാണ് നിർദേശം. കഴിഞ്ഞ മാസം ഇരുപതിന് ശിവകുമാറിനെ എൻഫോഴ്സ്മെന്റ് വിളിപ്പിച്ചിരുന്നെങ്കിലും പിന്നീട് മാറ്റിവെച്ചു. അനധികൃത സ്വത്ത് സമ്പാദനം, കള്ളപ്പണ ഇടപാട് തുടങ്ങിയ വിഷയങ്ങളിലാണ് മുൻമന്ത്രിയോട് ഇ.ഡി വിവരങ്ങൾ തേടുന്നത്.

തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രി കൈമാറ്റവുമായി ബന്ധപ്പെട്ടും പരിശോധന നടക്കുന്നുണ്ട്.



അനധികൃത സ്വത്ത് സമ്പാദന കേസിൽ ശിവകുമാറിനെ ഒന്നാം പ്രതിയാക്കി വിജിലൻസ് സ്പെഷ്യൽ സെൽ എഫ്.ഐ.ആർ ഇട്ടിരുന്നു.

ഡ്രൈവറുടേയും പേരിൽ ബിനാമി സ്വത്ത് സമ്പാദിച്ചുവെന്നാണ് എഫ്.ഐ.ആറിൽ പറയുന്നത്. 2016ൽ ശിവകുമാറിനെതിരേ എഫ.ഐ.ആർ കോടതിയിൽ സമർപ്പിച്ചിരുന്നു.

ശിവകുമാറിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളായിരുന്ന എം.രാജേന്ദ്രൻ, ഷൈജു ഹരൻ, എൻ.എസ് ഹരികുമാർ എന്നിവരാണ് കേസിലെ മറ്റ് പ്രതികൾ. 18.5.2011 നും 20.5.2016നുമിടയിൽ ശിവകുമാറിന്റെ അടുപ്പക്കാരുടെയും സ്വത്തിൽ വർധനയുണ്ടായെന്നാണ് വിജിലൻസ് പറയുന്നത്. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ എസ്.പി വി.എസ് അജിയാണ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചത്.

# ജനപ്രീതിയിൽ മോദി തന്നെ മുൻപിൽ

## രാഹുലിന്റെ ജനസമ്മിതി ഉയരുന്നുവെന്ന് സർവേ

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ജനസമ്മിതി ഉയരുന്നുവെന്ന് സർവേ. എൻ.ഡി.ടി.വി, ലോകനിതി-സെന്റർ ഫോർ ദ സ്റ്റഡി ഓഫ് ഡെവലപ്പിങ് സൊസൈറ്റിയുമായി സഹകരിച്ച് നടത്തിയ ഒരു പൊതു സർവേയിലാണ് കണ്ടെത്തൽ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയും അടുത്തിടെ സ്വീകരിച്ച രാഷ്ട്രീയ നയങ്ങളുമാണ് ജനപ്രീതി വർധിക്കാൻ കാരണമെന്നാണ് റിപ്പോർട്ട്. രാഹുൽ ഗാന്ധിയെ 27 ശതമാനം ജനങ്ങളാണ് പിന്തുണയ്ക്കുന്നത്. കഴിഞ്ഞ സർവേയിൽ ഇത് 24 ശതമാനമായിരുന്നു.അതേസമയം



ജനപ്രീതിയിൽ മോദി മുൻപിലാണെങ്കിലും കഴിഞ്ഞ സർവേയെ അപേക്ഷിച്ച് ഒരു ശതമാനത്തിന്റെ കുറവുണ്ട്.

2019ൽ 44 ശതമാനം ജനസമ്മിതി നേടിയ മോദിക്ക് ഇത്തവണ 43 ശതമാനമാണ് ജനസമ്മിതി. രാഹുലിനും മോദിക്കും പുറമേ മറ്റ് പ്രതിപക്ഷ പാർട്ടി നേതാക്കളുടെ പേരുകളും പ്രധാനമന്ത്രി സ്ഥാനത്തേക്ക് ഉയരുന്നുണ്ട്. മമത ബാനർജി( 4%) അരവിന്ദ് കെജ്രിവാൾ (4%), അഖിലേഷ് യാദവ് (3%), നിതീഷ് കുമാർ (1%), മറ്റുള്ളവർ (18%) എന്നിങ്ങനെയാണ് അഭിപ്രായ സർവേയിലെ കണക്ക്.

രാഹുൽ ഗാന്ധിയോട് എക്കാലത്തും ഇഷ്ടവും ബഹുമാനവുമാണെന്ന് 26 ശതമാനം പേർ പ്രതികരിച്ചു. 15 % പേർ ഭാരത് ജോഡോ യാത്രയ്ക്ക് ശേഷം രാഹുൽ ഗാന്ധിയിൽ ആകൃഷ്ടരായി. 16% പേർ രാഹുൽഗാന്ധിയോട് പ്രതികൂല സമീപനമാണ് സ്വീകരിച്ചത്.

27 ശതമാനം പേർ രാഹുൽ ഗാന്ധിയോട് പ്രത്യേക താൽപര്യമില്ലെന്ന് പ്രതികരിച്ചു. സർവേയിൽ പ്രതികരിച്ചവരിൽ മോദിയുടെ പ്രസംഗ വൈദഗ്ധ്യത്തെ പ്രശംസിക്കുന്നവരാണ് 25 ശതമാനവും. 20% പേർ മോദിയുടെ വികസന നയങ്ങളെയും 13% പേർ കാര്യക്ഷമതയെയും പ്രവർത്തനരീതിയെയും അഭിനന്ദിച്ചു. ഏകദേശം11% പേർ മോദിയുടെ നയങ്ങളെ വിലമതിക്കുന്നവരാണ്. രാജ്യത്തെ 71 മണ്ഡലങ്ങളിൽ നടത്തിയ സർവെയിൽ 7,202 പേരാണ് പ്രതികരിച്ചത്. കർണാടക നിയമസഭാ തെരഞ്ഞെടുപ്പ് ഫലത്തിന് മെയ് 10നും 19നുമിടയിലായാണ് സർേവ നടത്തിയത്. 43 ശതമാനം പേർ ബി.ജെ.പിക്ക് കേന്ദ്രത്തിൽ തുടർഭരണം കിട്ടുമെന്ന് പ്രതികരിച്ചു. 38 ശതമാനം പേർ ബി.ജെ.പിക്ക് അധികാരം നഷ്ടമാകുമെന്ന അഭിപ്രായക്കാരാണ്.

## ജമ്മുകശ്മീരിൽ വാഹനപാകടം; ഏഴ് പേർ കൊല്ലപ്പെട്ടു, ഒരാൾക്ക് ഗുരുതര പരുക്ക്



ജമ്മുകശ്മീരിലെ ഡാങ്ഡുരു ഡാമിന്റെ സമീപം വാഹനം അപകടത്തിൽപ്പെട്ടപ്പോൾ

കിഷ്ത്വാർ: ജമ്മുകശ്മീരിലുണ്ടായ വാഹനാപകടത്തിൽ ഏഴ് പേർ മരണപ്പെടുകയും ഒരാൾക്ക് ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു. പകൽ ദൽ പ്രൊജക്ടിന്റെ ഭാഗമായി എത്തിയവരാണ് അപകടത്തിൽപ്പെട്ടത്.

ഡാങ്ഡുരു ഡാമിന്റെ സമീപത്തായാണ് അപകടമുണ്ടായത്. പ്രൊജക്ടിന്റെ ഭാഗമായി പോകവേ താഴ്ചയിലേക്ക് മറിഞ്ഞാണ് വാഹനാപകടമുണ്ടായത്. അപകടത്തിൽ ഏഴ് പേർ മരിച്ചെന്നും ഗുരുതരമായി പരുക്കേറ്റയാളെ ജില്ലാ ആശുപത്രിയിൽ ചികിത്സാർത്ഥം പ്രവേശിപ്പിച്ചിട്ടുണ്ടെന്നും കിഷ്ത്വാർ ഡെപ്യൂട്ടി കമ്മീഷണർ ദേവനാശ് യാദവ് അറിയിച്ചു.

## ആഘോഷങ്ങളില്ലാതെ മുഖ്യമന്ത്രി പിണറായി വിജയന് ഇന്ന് 78-ാം പിറന്നാൾ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന് ഇന്ന് 78ാം പിറന്നാൾ. പതിവ് പോലെ ആഘോഷങ്ങളിലാതെയാണ് മുഖ്യമന്ത്രിക്ക് പിറന്നാൾ ദിനം. വീട്ടിൽ മധുരം വിതരണം ചെയ്യും. രാവിലെ മന്ത്രിസഭായോഗത്തിലും വൻകിട പദ്ധതികളുടെ അവലോകനയോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും. ഔദ്യോഗിക രേഖകൾ പ്രകാരം 1945 മാർച്ച് 21നാണ് പിണറായി വിജയന്റെ പിറന്നാൾ. എന്നാൽ യഥാർത്ഥ ജന്മദിനം 1945 മെയ് 24 ആണെന്ന് പിണറായി വിജയൻ തന്നെയായിരുന്നു അറിയിച്ചത്. 2016ൽ ഒന്നാം പിണറായി സർക്കാർ സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ തലേ ദിവസമായിരുന്നു പിറന്നാൾ ദിനത്തിലെ സസ്പെൻസ് പിണറായി അവസാനിപ്പിച്ചത്. പിണറായി മുഖ്യമന്ത്രിയായി അധികാരത്തിലെത്തിയിട്ട് നാളെ ഏഴ് വർഷം പൂർത്തിയാകുകയാണ്.





സിഡ്നിയിലെ കൾച്ചറൽ പരിപാടിയുടെ വേദിയിൽ വച്ച് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസും പരസ്പരം ആലിംഗനം ചെയ്തപ്പോൾ

# ഇന്ത്യ-ഓസ്ട്രേലിയ സൗഹൃദം ഊട്ടിയുറപ്പിച്ച് പ്രധാനമന്ത്രിയുടെ ഓസീസ് സന്ദർശനം

ന്യൂഡൽഹി: ഇന്ത്യ-ഓസ്ട്രേലിയ സൗഹൃദം ഊട്ടിയുറപ്പിക്കുന്ന ഒന്നായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഓസീസ് സന്ദർശനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ 'ദി ബോസ്' എന്ന് വിശേഷിപ്പിച്ച ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ്, മോദി അസാമാന്യമായ ഊർജ്ജമുള്ളയാളെന്നും പറഞ്ഞു. സിഡ്നിയിൽ ഇന്ത്യാക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു ഇന്ത്യൻ പ്രധാനമന്ത്രി.ഈ പരിപാടിക്ക് തൊട്ടുമുൻപ് നടത്തിയ ആമുഖ പ്രഭാഷണത്തിലാണ് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ്, ഇന്ത്യൻ പ്രധാനമന്ത്രിയെ പുകഴ്ത്തി സംസാരിച്ചത്.

തുടർന്ന് നമസ്തേ ഓസ്ട്രേലിയ എന്ന സംബോധനയോടെ പ്രസംഗം തുടങ്ങിയ പ്രധാനമന്ത്രി മോദി ഹിന്ദിയിലാണ് പ്രസംഗിച്ചത്. ഒൻപത് വർഷത്തിനിടെ രണ്ട് തവണ ഓസ്ട്രേലിയ സന്ദർശിക്കാനായതിൽ സന്തോഷമുണ്ട്. ഓസ്ട്രേലിയൻ പ്രധാനമന്ത്രിയുടെ വാക്കുകൾ അദ്ദേഹം ഇന്ത്യയെ എത്രമാത്രം സ്നേഹിക്കുന്നുവെന്നതിന്റെ തെളിവാണെന്നും പരസ്പര വിശ്വാസവും ബഹുമാനവുമാണ് ഇന്ത്യ-ഓസ്ട്രേലിയ ബന്ധത്തിന് ആധാരമെന്നും മോദി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഇന്ത്യൻ വിദ്യാർഥികൾക്കും പ്രയോജനപ്പെടുമെന്നും അദ്ദേഹം കൂട്ടിചേർത്തു.

## ട്രെയിൻ തീവയ്പ്പ് കേസ്; പ്രതിയുടെ ആവശ്യം തള്ളി കോടതി



ഷാരൂഖ് സെയ്ഫി

കൊച്ചി: ഏലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതി ഷാരുഖ് സെയ്ഫിയുടെ ആവശ്യം കോടതി തള്ളി. ഉദ്യോഗസ്ഥ സാന്നിധ്യമില്ലാതെ അഭിഭാഷകനുമായി സംസാരിക്കണമെന്ന ഷാരൂഖ് സെയ്ഫിയുടെ ആവശ്യമാണ് കോടതി തള്ളിയത്. ശനിയാഴ്ച കോടതിയിൽ ഹാജരാക്കുമ്പോൾ ഉദ്യോഗസ്ഥ സാന്നിധ്യമില്ലാതെ അഭിഭാഷകനുമായി സംസാരിക്കണമെന്നായിരുന്നു കേസിലെ മുഖ്യപ്രതി ഷാരൂഖിന്റെ ആവശ്യം, എന്നാൽ ഇത് തള്ളിയ കോടതി, അഭിഭാഷകന് നിയമാനുസൃതമായി ജയിലിലെത്തി പ്രതിയോട് സംസാരിക്കാമെന്ന് വ്യക്തമാക്കി.

ഷാരൂഖ് സെയ്ഫിയുടെ ആവശ്യം കോടതിയിൽ എൻ.ഐ.എ ശക്തമായി എതിർത്തിരുന്നു. നേരത്തെ കോടതിയിൽ ഹാജരാക്കിയപ്പോൾ അഭിഭാഷകനുമായി സംസാരിച്ചതും കോടതി ചൂണ്ടിക്കാട്ടി,ശനിയാഴ്ച ഷാരൂഖിനെ ഓൺലൈനായി കൊച്ചി പ്രത്യേക എൻ.ഐ.എ കോടതിയിൽ ഹാജരാക്കും. കുറ്റകൃത്യത്തിൽ തീവ്രവാദ ബന്ധമുണ്ടോ, ഷാരൂഖ് സെയ്ഫിക്ക് കൂടുതൽ പേരുടെ സഹായം കിട്ടിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിലടക്കം ദേശീയ അന്വേഷണ ഏജൻസിയുടെ അന്വേഷണം പുരോഗമിക്കുകയാണ്. ആക്രമണത്തിന്റെ ആസൂത്രണവും ഗൂഢാലോചനയുമടക്കം എൻ.ഐ.എ കൊച്ചി യൂണിറ്റാണ് അന്വേഷിക്കുന്നത്. പ്രതി ഷാറൂഖ് സെയ്ഫി ആക്രമണത്തിന് കേരളം തെരഞ്ഞെടുത്തതിൽ ദുരൂഹതയുണ്ടെന്ന് എൻ.ഐ.എ നേരത്തെ ആഭ്യന്തരമന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. തീവയ്പ്പിന് ആസൂത്രിത സ്വഭാവമുണ്ട്. പ്രതിക്ക് തീവ്രവാദ ബന്ധമുണ്ടോയെന്നത് തള്ളാനാകില്ലെന്നുമാണ് എൻ.ഐ.എ റിപ്പോർട്ടിൽ ചൂണ്ടികാട്ടിയിരുന്നു.




## പൈലറ്റുമാരുടെ മാസ ശമ്പളം 7.5 ലക്ഷം രൂപയായി വർധിപ്പിച്ചതായി സ്പൈസ് ജെറ്റിന്റെ പ്രഖ്യാപനം

ന്യൂഡൽഹി: സ്പൈസ് ജെറ്റ് പൈലറ്റുമാരുടെ പ്രതിമാസ ശമ്പളം 7.5 ലക്ഷം രൂപയായി വർധിപ്പിച്ചതായി സ്പൈസ് ജെറ്റിന്റെ പ്രഖ്യാപനം. സ്പൈസ് ജെറ്റിന്റെ 18-ാം വാർഷിക ചടങ്ങിലാണ് പൈലറ്റുമാരുടെ ശമ്പള വർധനവ് പ്രഖ്യാപിച്ചത്. മാസത്തിൽ 75 മണിക്കൂർ പറത്തുന്നതിനുള്ള വേതനമാണ് 7.5 ലക്ഷം രൂപ.

പൈലറ്റുമാരുടെ ശമ്പളം നേരത്തെ സ്പൈസ് ജെറ്റ് കഴിഞ്ഞ നവംബറിലാണ് പരിഷ്കരിച്ചിരുന്നത്. 80 മണിക്കൂർ പ്രതിമാസ പറക്കലിന് അന്ന് ഏഴ് ലക്ഷം രൂപയാണ് നിശ്ചയിച്ചിരുന്നത്. കൂടാതെ, എയർലൈൻ അതിന്റെ ക്യാപ്റ്റൻമാർക്ക് പ്രതിമാസം 1,00,000 വരെ പ്രതിമാസ ലോയൽറ്റി റിവാർഡ് പ്രഖ്യാപിച്ചു.

ശമ്പളം വൈകുന്നതുമായി ബന്ധപ്പെട്ട് നേരത്തെ സ്പൈസ് ജെറ്റിൽ ജീവനക്കാർ സമരത്തിനിറങ്ങിയിരുന്നു. ബാധ്യതകൾ കുറച്ചുകൊണ്ട് ഒരു പുനരുജ്ജീവനത്തിന്റെ പാതയിലാണ് കമ്പനിയെന്ന് സ്പൈസ് ജെറ്റ് ചെയർമാർ ആൻഡ് മാനേജിങ് ഡയരക്ടർ അജയ്സിങ് വാർഷിക ദിനത്തിൽ തൊഴിലാളികളോട് പറഞ്ഞു.18-ാം വാർഷിക ദിനത്തിന്റെ ഭാഗമായി കുറഞ്ഞ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യാനുള്ള ഓഫറും സ്പൈസ്ജെറ്റ് മുന്നോട്ട് വെച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ വസതിയിലെ പ്രഭാത ഭക്ഷണം നിഷേധിച്ചതിനെ ന്യായീകരിച്ച് ഗവർണർ



തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ വസതിയിലെ പ്രഭാത ഭക്ഷണം നിഷേധിച്ചതിൽ വിശദീകരണവുമായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പ്രഭാത ഭക്ഷണം കഴിക്കാറില്ലെന്നും കേരള ഹൗസ് ജീവനക്കാരോട് ചോദിക്കൂവെന്നുമായിരുന്നു ഗവർണർ മാധ്യമങ്ങളോട് പ്രതികരിച്ചത്. ഉപരാഷ്ട്രപതിക്കൊപ്പം ഇന്നലെ രാവിലെ പ്രഭാത ഭക്ഷണത്തിൽ പങ്കെടുക്കാൻ ക്ലിഫ് ഹൗസിലേക്ക് ഗവർണറെയും മുഖ്യമന്ത്രി ക്ഷണിച്ചിരുന്നു. കഴിഞ്ഞ വ്യാഴാഴ്ചയാണ് രാജ്ഭവനിൽ നേരിട്ടെത്തി മുഖ്യമന്ത്രി ഗവർണറെ ക്ഷണിച്ചത്.എന്നാൽ, ആരിഫ് മുഹമ്മദ് ഖാൻ പ്രഭാത ഭക്ഷണത്തിൽ പങ്കെടുത്തിരുന്നില്ല. അതേ സമയം, യൂണിവേഴ് സിറ്റി ആൾമാറാട്ടം അതീവ ഗൗരവതോടെയാണ് കാണുന്നതെന്നും ശക്തമായ നടപടി ഉണ്ടാകുമെന്നും ഗവർണർ പ്രതികരിച്ചു. എല്ലാ തെരഞ്ഞെടുപ്പ് നടപടികളും നിർത്തിവച്ചു. സമാന സംഭവങ്ങൾ എവിടെയെങ്കിലും നടന്നിട്ടുണ്ടെങ്കിൽ കണ്ടെത്തുമെന്നും അതിനായി സൂക്ഷ്മ പരിശോധന നടത്തുമെന്നും യൂണിയന്റെ ബലത്തിൽ ചിലർ നിയമം കൈയിലെടുക്കുന്നത് ഭീകര അവസ്ഥയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പുതിയ പാർലമെന്റ് മന്ദിരോദ്ഘാടനം പ്രതിപക്ഷം ബഹിഷ്കരിക്കും; സംയുക്ത പ്രസ്താവനയിറക്കി 19 പാർട്ടികൾ

ന്യൂഡൽഹി: പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം ബഹിഷ്കരിക്കുമെന്ന പ്രഖ്യാപനവുമായി പ്രതിപക്ഷ പാർട്ടികൾ. തൃണമൂൽ കോൺഗ്രസ്, സി.പി.ഐ, ആം ആദ്മി പാർട്ടി, സി.പി.എം, ആർ.ജെ.ഡി, ഡി.എം.കെ, ശിവസേന ഉദ്ധവ് പക്ഷം തുടങ്ങിയ പാർട്ടികൾ സ്വന്തം നിലയ്ക്ക് ബഹിഷ്കരണം പ്രഖ്യാപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് 19 പ്രതിപക്ഷ പാർട്ടികൾ സംയുക്ത പ്രസ്താവനയിറക്കിയത്. സവർക്കറുടെ ജന്മവാർഷിക ദിനത്തിൽ ഉദ്ഘാടനം നടത്തുന്നതും രാഷ്ട്രപതിയെ ഒഴിവാക്കിയതുമാണ് പ്രതിപക്ഷത്തെ പ്രധാന എതിർപ്പ്. രാഷ്ട്രപതി ദ്രൗപദി മുർമുവിനെ പൂർണമായും മാറ്റിനിർത്തി പുതിയ പാർലമെന്റ് മന്ദിരം സ്വയം ഉദ്ഘാടനം ചെയ്യാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ തീരുമാനം കടുത്ത അപമാനമാണെന്ന് പ്രസ്താവനയിൽ പറയുന്നു. ജനാധിപത്യത്തിനെതിരായ നേരിട്ടുള്ള ആക്രമണമാണ് ഇത്. രാഷ്ട്രപതിയാണ് രാജ്യത്തിന്റെ മേധാവി. പാർലമെന്റിന്റെ അഭിവാജ്യ ഘടകവുമാണ്. രാഷ്ട്രപതിയില്ലാതെ പാർലമെന്റിന് പ്രവർത്തിക്കാൻ കഴിയില്ല. എന്നിട്ടും രാഷ്ട്രപതിയെ മാറ്റി നിർത്തി പ്രധാനമന്ത്രി ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും പ്രതിപക്ഷ പാർട്ടികൾ കുറ്റപ്പെടുത്തുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു വേണം ഉദ്ഘാടനം നടത്താനെന്ന് പ്രതിപക്ഷം പറയുന്നു. ദലിത് വിഭാഗത്തിൽനിന്നുള്ള വനിതാ രാഷ്ട്രപതിയെ ഈ നടപടിയിലൂടെ സർക്കാർ അപമാനിക്കുകയാണെന്ന് കോൺഗ്രസ് വക്താവ് ഗൗരവ് വല്ലഭ് പറഞ്ഞു.അതേസമയം, ചടങ്ങിലേക്കുള്ള ക്ഷണക്കത്ത് പാർലമെന്റ് സെക്രട്ടേറിയറ്റ് പുറത്തിറക്കി. ചടങ്ങിലേക്ക് പാർലമെന്റ് അംഗങ്ങൾക്കുപുറമേ പ്രമുഖർക്കും ക്ഷണമുണ്ട്. ലോക്സഭാ സെക്രട്ടറി ജനറൽ ഉത്പാൽ കുമാർ സിങ് ആണ് ക്ഷണക്കത്ത് അയച്ചിരിക്കുന്നത്.



പുതിയ പാർലമെന്റ് മന്ദിരം പ്രധാനമന്ത്രി സന്ദർശിച്ചപ്പോൾ (ഫയൽ ചിത്രം)


# കർണാടകയുടെ പുതിയ സ്പീക്കറായി യു.ടി ഖാദർ തെരഞ്ഞെടുക്കപ്പെട്ടു



ബംഗളൂരു: കർണാടക നിയമസഭയുടെ പുതിയ സ്പീക്കറായി മലയാളിയായ മംഗളൂരു എം.എൽ.എ യു.ടി ഖാദർ തെരഞ്ഞെടുക്കപ്പെട്ടു. എതിരില്ലാതെയാണ് യു.ടി ഖാദറിന്റെ തെരഞ്ഞെടുപ്പ്. 224 അംഗ നിയമസഭയിൽ 137 വോട്ടാണ് യു.ടി ഖാദറിന് ലഭിച്ചത്. കോൺഗ്രസ് എം.എൽ.എമാർക്ക് പുറമെ രണ്ട് സ്വതന്ത്രരും അനുകൂലമായി വോട്ടു ചെയ്തു. ബി.ജെ.പി സ്പീക്കർ സ്ഥാനത്തേക്ക് മത്സരിച്ചിരുന്നില്ല. സ്പീക്കർ പദവിയിലെത്തുന്ന ആദ്യ മുസ്ലിമാണ് യു.ടി ഖാദർ. മണ്ഡല പുനഃനിർണായത്തോടെ മംഗളുരു റൂറൽ ആയി മാറിയ (ഉള്ളാൾ) മണ്ഡലത്തിൽ നിന്ന് ഇത് അഞ്ചാം തവണയാണ് ഖാദർ നിയമസഭയിൽ എത്തുന്നത്. നേരത്തെ മൂന്നു തവണ കർണാടക മന്ത്രിസഭയിൽ അദ്ദേഹം അംഗമായിട്ടുണ്ട്. ആരോഗ്യ-ഭക്ഷ്യ പൊതുവിതരണ, നഗര വികസനവകുപ്പ് മന്ത്രി ആയി മികച്ച സേവനം കാഴ്ചവച്ചു. മംഗളുരു റൂറൽ മണ്ഡലത്തിൽ നിന്ന് 22,000ത്തിന് മേൽ ഭൂരിപക്ഷത്തിലായിരുന്നു ഖാദറിന്റെ വിജയം. വർഗീയ അജണ്ടകൾ വിഷയമാക്കി ബി.ജെ.പി സ്ഥാനാർഥി ഉയർത്തിയ വെല്ലുവിളികൾ മറികടന്നായിരുന്നു ഖാദർ വിജയം നേടിയത്. ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരെ പ്രധാന സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുക എന്ന കോൺഗ്രസ് നയത്തിന്റെ ഭാഗമായാണ് സ്പീക്കർ സ്ഥാനം യു.ടി ഖാദറിന് ലഭിക്കുന്നത്. ബി.ജെ.പി കോട്ടയായ തീരദേശ കർണാടക മേഖലയിലെ ഏറ്റവും ശക്തനായ കോൺഗ്രസ് സാരഥിയാണ് യു.ടി ഖാദർ. മുതിർന്ന നേതാക്കളുടെ പേരുകൾ ഉയർന്നു കേട്ടെങ്കിലും രാഹുൽ ഗാന്ധിയുടെ നിർദേശ പ്രകാരമാണ് കോൺഗ്രസ് സഭാധ്യക്ഷ സ്ഥാനം ഖാദറിനുറപ്പിച്ചത്. സ്പീക്കറാവുന്നത് ഒരു വലിയ അവസരമായി കാണുന്നുവെന്നും എല്ലാവരെയും ഒന്നിച്ചു ചേർത്ത് ജനസേവനത്തിന് സുതാര്യതയോടെ സഭയെ നയിക്കാമെന്നും യു.ടി ഖാദർ പ്രതികരിച്ചു.പിതാവ് കാസർക്കോട് ഉപ്പള പള്ളത്തെ യു.ടി ഫരീദിന്റെ മരണത്തെ തുടർന്നായിരുന്നു ഖാദർ ആദ്യമായി തെരഞ്ഞെടുപ്പിൽ മത്സരിക്കാനിറങ്ങിയത്. 1972, 1978, 1999, 2004 വർഷങ്ങളിൽ കോൺഗ്രസിന് വേണ്ടി ഉള്ളാൾ മണ്ഡലത്തെ പ്രതിനിധീകരിച്ച വിജയിച്ച ആളാണ് ഫരീദ്.

### കാസർകോട് ജില്ലയിൽ വിവാഹേതര ബന്ധങ്ങളുടെ വർധനവ്

## ദാമ്പത്യ തകർച്ചയ്ക്കും വിവാഹ മോചനങ്ങൾക്കും വഴിയൊരുക്കുന്നു; വനിതാ കമ്മീഷൻ



കാഞ്ഞങ്ങാട്: കാസർകോട് ജില്ലയിൽ ഭാര്യാഭർത്താക്കൻമാരുടെ വിവാഹേതര ബന്ധങ്ങൾ വർധിച്ച് വരുകയാണെന്നും ഇത് ദാമ്പത്യ തകർച്ചയ്ക്കും കൂടുതൽ വിവാഹ മോചനങ്ങൾക്കും വഴിയൊരുക്കുന്നുവെന്നും കേരള വനിതാ കമ്മീഷൻ. കാസർകോട് കലക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ വനിതാ കമ്മീഷൻ ചെയർപേഴ്സൺ അഡ്വ.പി.സതീദേവിയുടെ നേതൃത്വത്തിൽ നടന്ന സിറ്റിംഗിൽ 31 പരാതികളാണ് കഴിഞ്ഞ ദിവസം പരിഗണിച്ചത്.

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ നിർബന്ധമായും പ്രീമാരിറ്റൽ കൗൺസിലിങ്ങിന് വിധേയമായിരിക്കണമെന്നും സ്കൂളുകളിലും കോളേജുകളിലും കൗൺസിലിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ടെന്നും വനിതാ കമ്മീഷൻ ചൂണ്ടിക്കാണിച്ചു. പോസ്റ്റ്-മാരിറ്റൽ കൗൺസിലിങ്, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണെന്നും ഇതിന് വേണ്ടിയുള്ള സൗകര്യങ്ങൾ പഞ്ചായത്തുകളിലോ അങ്കണവാടികളിലോ ഒരുക്കാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നതെന്നും വനിതാ കമ്മീഷൻ വിശദമാക്കി. പാനൽ അംഗങ്ങളായ അഡ്വ.പി.കുഞ്ഞയിഷ, അഡ്വ.സിന്ധു, വനിതാ പോലിസ് സെൽ എസ്.ഐ ടി.കെ.ചന്ദ്രിക, ഫാമിലി കൗൺസിലിംഗ് സെന്റർ കൗൺസിലർ രമ്യ ശ്രീനിവാസൻ, വനിതാ സെൽ സി.പി.ഒ ടി. ഷീന, കമ്മീഷൻ ബൈജു ശ്രീധരൻ, മധുസൂദനൻ നായർ തുടങ്ങിയവർ സിറ്റിംഗിൽ പങ്കെടുത്തു.

# വിഷു ബംപർ; ഒന്നാം സമ്മാനം മലപ്പുറത്ത് വിറ്റ ടിക്കറ്റിന്




തിരുവനന്തപുരം: വിഷു ബംപർ ലോട്ടറി നറുക്കെടുത്തു. വി.ഇ 475588 എന്ന നമ്പറിലുള്ള ടിക്കറ്റിനാണ് ഒന്നാം സമ്മാനമായ 12 കോടി രൂപ ലഭിച്ചത്. മലപ്പുറം തിരൂരുള്ള ഏജൻസി വിറ്റ ടിക്കറ്റിനാണ് ഒന്നാം സമ്മാനം. മറ്റു സീരിസുകളിലെ ഇതേ നമ്പറുകൾക്ക് സമാശ്വാസ സമ്മാനമായി അഞ്ച് ലക്ഷം രൂപ ലഭിക്കും. രണ്ടാം സമ്മാനം ഒരു കോടി രൂപയാണ്.

ആറ് പേർക്കാണ് ഒരു കോടി രൂപ വീതം ലഭിക്കുക. രണ്ടാം സമ്മാനം നേടിയ നമ്പറുകൾ ഇവയാണ്: വി.എ 513003, വി.ബി 678985, വി.സി 743934, വി.ഡി 175757, വി.ഇ 797565, വി.ജി 642218. വി.എ, വി.ബി, വി.സി, വി.ഡി, വി.ഇ, വി.ജി എന്നിങ്ങനെ ആറ് സീരീസുകളിലായാണ് ടിക്കറ്റുകൾ. മൂന്നാം സമ്മാനം 10 ലക്ഷം, നാലാം സമ്മാനം അഞ്ച് ലക്ഷം, അഞ്ചാം സമ്മാനം രണ്ട് ലക്ഷം എന്നിങ്ങനെയാണ് മറ്റു സമ്മാനങ്ങൾ. 42 ലക്ഷം ടിക്കറ്റുകളാണ് വിറ്റഴിച്ചത്. 300 രൂപയായിരുന്നു ടിക്കറ്റ് വില.

# കേരളത്തിലെ പ്രീപ്രൈമറി ഉച്ചഭക്ഷണ കണക്ക് പരിശോധിക്കാൻ കേന്ദ്രം



തിരുവനന്തപുരം: പ്രീപ്രൈമറി ക്ലാസുകളിൽ 100 ശതമാനം വിദ്യാർഥികളും സർക്കാരിന്റെ ഉച്ച ഭക്ഷണ പദ്ധതിയുടെ ഭാഗമെന്ന കേരളത്തിന്റെ കണക്ക് വിശ്വസനീയമല്ലെന്ന് കേന്ദ്രം. കണക്ക് പരിശോധിക്കാൻ കേന്ദ്രം സംയുക്തസമിതിയെ നിയോഗിക്കും. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും പ്രതിനിധികൾ ഉൾപ്പെട്ട സംയുക്ത സംഘത്തെ ജില്ലകളിലേക്ക് അയക്കാനാണ് തീരുമാനം. പ്രധാൻ മന്ത്രി പോഷൺ പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡിന്റെ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. പി.എം പോഷൺ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്, സമാനമായ ക്രമക്കേടുകൾ ആരോപിച്ച് ഈ വർഷമാദ്യം പശ്ചിമ ബംഗാളിൽ കേന്ദ്രം പരിശോധന നടത്തിയിരുന്നു. കേരളത്തിലെ 14 ജില്ലകളിലെയും പ്രീ പ്രൈമറി വിഭാഗത്തിലെ 100 ശതമാനം വിദ്യാർഥികൾക്കും ഉച്ച ഭക്ഷണം ലഭിക്കുന്നുണ്ടെന്നാണ് സംസ്ഥാനത്തിന്റെ കണക്ക്. സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി പ്രൈമറി വിഭാഗത്തിൽ എൻറോൾ ചെയ്ത 16.91 ലക്ഷം കുട്ടികളിൽ 16.69 ലക്ഷം (99 ശതമാനം) കുട്ടികളും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഉച്ചഭക്ഷണം കഴിക്കുന്നതായാണ് കേരളത്തിന്റെ കണക്ക്. അതേസമയം അപ്പർ പ്രൈമറിയിൽ എൻറോൾ ചെയ്ത 11.45 ലക്ഷം കുട്ടികളിൽ 10.85 ലക്ഷം (95 ശതമാനം) കുട്ടികളും ഉച്ചഭക്ഷണം കഴിക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാർ പറയുന്നു. സ്കൂളുകൾ, ബ്ലോക്കുകൾ, ജില്ലകൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ കണക്കുകളുടെ ആധികാരികത ഉറപ്പാക്കാനായി ജില്ലകളിലേക്ക് കേന്ദ്രം സംഘത്തെ അയക്കുമെന്ന് യോഗത്തിന്റെ മിനിറ്റ്സിൽ രേഖപ്പെടുത്തി.

# തലയും കൂട്ടരും ഐ.പി.എൽ 103ാം ഫൈനലിലേക്ക്

## ആദ്യ ക്വാളിഫയറിൽ ഗുജറാത്തിനെതിരേ ചെന്നൈക്ക് 15 റൺസ് വിജയം

ചെന്നൈ: ചെപ്പോക്കിലെ മഞ്ഞക്കടലിരമ്പത്തെ സാക്ഷി നിർത്തി ധോണിപ്പട 2023 ഐ.പി.എൽ ഫൈനലിലേക്ക്. ആദ്യ ക്വാളിഫയർ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെ 15 റൺസിനാണ് ചെന്നൈ പരാജയപ്പെടുത്തിയത്. ടോസ് നേടിയ ഹാർദിക്ക് ചെന്നൈയെ ബാറ്റിങ്ങിനയക്കുകയായിരുന്നു. സ്ലോ ഔട്ട്ഫീൽഡിൽ ഋതുരാജ് ഗെയ്ക്വാദ് (44 പന്തിൽ 60 റൺസ്) സ്കോർബോർഡ് ചലിപ്പിച്ചെങ്കിലും മറ്റുള്ള ബാറ്റ്സ്മാൻമാർ നന്നേ പാടുപ്പെട്ടു. ഡെവൻ കോൺവേ 34 പന്തിൽ 40 റൺസും രവീന്ദ്ര ജഡേജ 16 പന്തിൽ 22 റൺസും അമ്പാട്ടി റായിഡുവും രഹാനെയും 17 റൺസ് വീതവും നേടിയപ്പോൾ ചെന്നൈ പൊരുതാവുന്ന സ്കോറിൽ എത്തുകയായിരുന്നു. ശിവം ഡൂബെയും ക്യാപ്റ്റൻ ധോണിയും ഒരു റൺ വീതമെടുത്ത് പുറത്തായി. നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 172 റൺസാണ് ചെന്നൈ നേടിയത്. ഗുജറാത്തിനു വേണ്ടി മുഹമ്മദ് ഷമിയും മോഹിത് ശർമയും രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തി. മറുപടി ബാറ്റിങ്ങിൽ ശുഭ്മാൻ ഗില്ലിലായിരുന്നു ഗുജറാത്തിന്റെ പ്രതീക്ഷ. മറുഭാഗത്ത് വിക്കറ്റ് വീഴുമ്പോഴും ഗിൽ പിടിച്ചുനിന്നു. എന്നാൽ 14ാം ഓവറിലെ ആദ്യ പന്തിൽ ദീപക് ചഹാർ ഗില്ലിനെ ഡെവൻ കോൺവേയുടെ കൈകളിലെത്തിച്ചു. 38 പന്തിൽ 42 റൺസായിരുന്നു ഗില്ലിന്റെ സമ്പാദ്യം. അവസാന ഓവറുകളിൽ 16 പന്തിൽ 30 റൺസുമായി റാഷിദ് ഖാന്റെ മിന്നൽ പ്രകടനം ഉണ്ടായെങ്കിലും 19ാം ഓവറിലെ മൂന്നാം പന്തിൽ തുഷാർ ദേശ്പാണ്ഡേ റാഷിദിനെ മടക്കി.

കൃത്യമായ ഇടവേളകളിൽ വ്യക്തമായ ആസൂത്രണത്തോടുകൂടി ചെന്നൈ ബൗളർമാർ വിക്കറ്റുകൾ വീഴ്ത്തിയതോടെ ഗുജറാത്ത് നിശ്ചിത 20 ഓവറിൽ 157 റൺസിന് ഓൾ ഔട്ടായി. ചെന്നൈക്ക് വേണ്ടി ദീപക് ചഹാർ, മതീഷ് തീക്ഷണ, രവീന്ദ്ര ജഡേജ, പതിരാന എന്നിവർ രണ്ട് വിക്കറ്റുകൾ വീതവും തുഷാർ ദേശ്പാണ്ഡേ ഒരു വിക്കറ്റും നേടി. ഗെയ്ക്വാദാണ് കളിയിലെ താരം.

ഇത് 10ാം തവണയാണ് ചെന്നൈ സൂപ്പർ കിങ്സ് ഐപി.എല്ലിന്റെ ഫൈനലിലെത്തുന്നത്. 10 തവണയും ക്യാപ്റ്റൻ എം.എസ്.ഡി തന്നെയാണ് എന്നതാണ് മറ്റൊരു പ്രത്യേകത. ഇതുവരെ കളിച്ച ഒമ്പത് ഫൈനലുകളിൽ നാലെണ്ണത്തിൽ വിജയ കിരീടം ചൂടിയ ചെന്നൈ അഞ്ച് ഫൈനലുകളിൽ പരാജയപ്പെട്ടു. 2008ൽ നടന്ന ഐ.പി.എൽ ആദ്യ സീസണിൽ തന്നെ ചെന്നൈ ഫൈനൽ കണ്ടിരുന്നു. അന്ന് രാജസ്ഥാൻ റോയൽസായിരുന്നു ചെന്നൈയുടെ എതിരാളി. ഷെയ്ൻവോണിന്റെ നായകത്വത്തിൽ ഇറങ്ങിയ റോയൽസ് അന്ന് സി.എസ്.കെയെ പരാജപ്പെടുത്തി കന്നി ഐ.പി.എൽ കിരീടം സ്വന്തമാക്കി. 2010ൽ രണ്ടാമതും സി.എസ്.കെ ഫൈനലിലെത്തി ഇത്തവണ സച്ചിന്റെ മുംബൈ ഇന്ത്യൻസായിരുന്നു എതിരാളി. ഫൈനലിൽ മുംബൈയെ 22 റൺസിന് പരാജയപ്പെടുത്തി ചെന്നൈ തങ്ങളുടെ കന്നി ഐ.പി.എൽ കിരീടം നേടി.


ശുഭ്മാൻ ഗില്ലിന്റെ വിക്കറ്റ് വീഴ്ത്തിയ ദീപക് ചഹാറിനെ അഭിനന്ദിക്കുന്ന എം.എസ് ധോണിയും ടീമംഗങ്ങളും

2010ന്റെ തനിയാവർത്തനം തന്നെയായിരുന്നു 2011ലും. ഇത്തവണ എതിരാളികൾ ആർ.സി.ബിയായിരുന്നു. 205 റൺസ് പിന്തുടർന്ന ആർ.സി.ബിക്ക് എട്ട് വിക്കറ്റ് നഷ്ടത്തിൽ 147 റൺസ് മാത്രമേ നേടാനായുള്ളൂ. രണ്ടാമതും ധോണി കപ്പുയർത്തി. 2012ലും 2013ലും ചെന്നൈ ഫൈനലിലെത്തിയെങ്കിലും കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനോടും മുംബൈ ഇന്ത്യൻസിനോടും പരാജയപ്പെടാനായിരുന്നു വിധി. 2015ൽ ചെന്നൈയും മുംബൈയും മൂന്നാമതും നേർക്കുനേർ. ഇത്തവണയും വിജയം രോഹിത്തിന്റെ മുംബൈക്കൊപ്പം. വിലക്കിന് ശേഷമുള്ള 2018ൽ ചെന്നൈയുടെ മടങ്ങിവരവിനാണ് സാക്ഷ്യം വഹിച്ചത്. ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി സി.എസ്.കെ മൂന്നാമത്തെ കിരീടം ചൂടി.2019ൽ നാലാം തവണയും ചെന്നൈ-മുംബൈ പോരാട്ടം.

ഇത്തവണയും വിജയം മുംബൈക്കൊപ്പം. 2020ലെ മോഷം സീസണിന് ശേഷം 2021ൽ ചെന്നൈ വീണ്ടും ഫൈനലിൽ. ഇത്തവണ എതിരാളി കൊൽക്കത്ത. 27 റൺസിന്റെ ജയത്തോടു കൂടി ചെന്നൈക്ക് നാലാം കിരീടം. മറ്റൊരു ഐ.പി.എൽ ഫൈനലിൽ കൂടി ധോണിയും കൂട്ടരും എത്തിയിരിക്കുകയാണ്. ഫലമെന്തായാലും ഐ.പി.എലിലെ ഏറ്റവും സ്ഥിരതയുള്ള ടീമെന്ന വിശേഷണം ചെന്നൈക്ക് മാത്രം സ്വന്തമാണ്. ചെന്നൈക്ക് പിറകേ ഏറ്റവും കൂടുതൽ ഫൈനൽ കളിച്ചത് മുംബൈയാണ്. ആറ് തവണ മുംബൈ ഫൈനലിലെത്തിയപ്പോൾ കൊൽക്കത്തയും ബാംഗ്ലൂരും മൂന്ന തവണ ഫൈനൽ കളിച്ചു.



മലബാർ ഐ.ടി.ഐയുടെ നേതൃത്വത്തിൽ ഗിഫ്റ്റ് ഓഫ് ഹാർട്ട്സ് ചാരിറ്റബിൾ സൊസൈറ്റിയുടെയും എം.വി.ആർ ക്യാൻസർ സെന്ററിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച രക്തദാന ക്യാംപ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡോ. ഹുസൈൻ മടവൂർ

## രക്തദാന ബോധവൽക്കരണം വ്യാപകമാക്കണം: ഡോ. ഹുസൈൻ മടവൂർ

നരിക്കുനി: അത്യാവശ്യഘട്ടങ്ങളിൽ രക്തം ലഭ്യമാവാൻ യുവാക്കളിൽ ബോധവൽക്കരണം വ്യാപകമാക്കണമെന്ന് സലഫി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. മലബാർ ഐ.ടി.ഐയുടെ നേതൃത്വത്തിൽ ഗിഫ്റ്റ് ഓഫ് ഹാർട്ട്സ് ചാരിറ്റബിൾ സൊസൈറ്റിയുടെയും എം.വി.ആർ ക്യാൻസർ സെന്ററിന്റെയും സഹകരണത്തോടെ നടന്ന രക്തദാന ക്യാംപ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗിഫ്റ്റ് ഓഫ് ഹാർട്ട് കോ-ഓർഡിനേറ്റർമാരായ പ്രജീഷ് പാലാട്ട്, അബൂബക്കർ ഹുസൈൻ, എം.വി.ആർ ക്യാൻസർ സെന്റർ ഡോക്ടർ അരുൺ വി.ജെ, ടെക്നിക്കൽ സൂപ്പർവൈസർ അനു പുല്ലങ്ങോടാൻ, മലബാർ ഐ.ടി.ഐ പ്രിൻസിപ്പാൾ രമ്യ പി.ആർ, മാനേജർ ആലിക്കുട്ടി മാസ്റ്റർ, ഗ്രാമപഞ്ചായത്ത് മെമ്പർ അബ്ദുൽ ഗഫൂർ, പി.ടി.എ അംഗം സുരേഷ് കുമാർ, സ്റ്റുഡന്റ് കൗൺസിലർ ഹരീഷ് ഇ.ഒ, പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രഭിത തുടങ്ങിയവർ സംബന്ധിച്ചു. ക്യാമ്പിൽ വിദ്യാർഥികളും സ്റ്റാഫ് അംഗങ്ങളും രക്തദാനം ചെയ്തു. നൂറോളം പേർ പങ്കെടുത്തു.

## കോടിയേരിക്ക് ചൊക്ലിയിൽ ഗ്രന്ഥപ്പുരയായി; പുസ്തക സമർപ്പണം നടത്തി

തലശ്ശേരി: മഹാനായ ഗുണ്ടർട്ടിന് അക്ഷര മധുരം പകർന്നേകിയ ഊരാച്ചേരി ഗുരുനാഥൻമാരുടേയും, കൈരളിക്ക് പുരോഗമനാശയങ്ങളുടെ അക്ഷരക്കൂട്ട് സമ്മാനിച്ച മൊയാരത്ത് ശങ്കരന്റേയും നാട്ടിൽ, അക്ഷരങ്ങളെ പ്രണയിച്ച കോടിയേരി ബാലകൃഷ്ണന്റെ നാമധേയത്തിൽ ബൃഹത്തായഗ്രന്ഥപ്പുരയായി. കണ്ണ്ചിമ്മിത്തുറക്കുന്ന വേഗതയിലാണ് ഒരു നാടാകെ പുസ്തകങ്ങളുമായി കഴിഞ്ഞ ദിവസം ചൊക്ലിയിലെ മൊയാരം മന്ദിരത്തിലേക്ക് ഒഴുകിയെത്തിയത്. സമ്പൂർണ്ണ സാക്ഷരത തൊട്ട് സംസ്ഥാനത്താദ്യമായി നിയമസാക്ഷരത വരെ കൈവരിച്ച ചൊക്ലി പഞ്ചായത്തിൽ പുസ്തകങ്ങളെ നെഞ്ചേറ്റിയവരാണ് പുതു തലമുറയുമെന്ന് വിളിച്ചോതുന്നതായി പുസ്തക സമർപ്പണം. നാടൻ കലാ ഗവേഷകനും, പ്രമുഖചിത്രകാരനുമായ കെ.കെ മാരാരാണ് ഉദ്ഘാടനം ചെയ്തത്. സി.എച്ച് പ്രഭാകരൻ, എസ്.കെ വിജയൻ എന്നിവരിൽ നിന്ന് പുസ്തകം സ്വീകരിച്ചായിരുന്നു ഉദ്ഘാടനം. ഡോ. എ.പി ശ്രീധരൻ അധ്യക്ഷത വഹിച്ചു. 10,000 രൂപയുടെ പുസ്തകം ഡോ.ബിജു, സാഹിത്യകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന് കൈമാറി. പ്രമുഖ പ്രസാധകരുടെ പുസ്തകം വാങ്ങി ലൈബ്രറിക്ക് സമർപ്പിക്കാനുള്ള സൗകര്യം മൊയാരം സ്മാരകത്തിൽ ഏർപ്പെടുത്തിയിരുന്നു. റഫറൻസ് ഗ്രന്ഥങ്ങളടക്കം നാലായിരം പുസ്തകങ്ങൾ ഇതിനകം സമാഹരിച്ചു കഴിഞ്ഞു. സാഹിത്യകാരന്മാരായ ടി. പത്മനാഭൻ, എം. മുകുന്ദൻ, എം. രാഘവൻ , കവിയൂർ രാജഗോപാലൻ, കെ.കെ. മാരാർ, ചാലക്കര പുരുഷു, തെയ്യം കലാ അക്കാദമി ചെയർമാൻ ഡോ.എ.പി ശ്രീധരൻ തുടങ്ങിയവർ നേരത്തെ പുസ്തകം നൽകിയിരുന്നു. ഡിജിറ്റലൈസേഷൻ നടപടികളും ആരംഭിച്ചിട്ടുണ്ട്.



കോടിയേരിയുടെ നാമധേയത്തിലെ ഗ്രന്ഥപുരയിലേക്കുള്ള പുസ്തക സമർപ്പണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്ന കെ.കെ മാരാർ

ഇതിന്റെ ഭാഗമായി പ്രവാസിയായ എൻ.കെ മുഹമ്മദ് കമ്പ്യൂട്ടർ സിസ്റ്റം കൈമാറി. കവിയൂർ രാജഗോപാലൻ, അഡ്വ. പി.കെ രവീന്ദ്രൻ, സുധ അഴീക്കോടൻ, ഡോ. ഭാസ്കരൻ കാരായി, ഷാജി എം.ചൊക്ലി, പി.കെ യൂസഫ്, കെ.എം ശിവകൃഷ്ണൻ, അഡ്വ. കെ.വിശ്വൻ, ആർ. ആതിര, ടി.എം ദിനേശൻ സംസാരിച്ചു. ടി.കെ സുരേഷ് സ്വാഗതവും പ്രസീത രവീന്ദ്രൻ നന്ദിയും പറഞ്ഞു.

## ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷ്യ വസ്തുക്കൾ പിടികൂടി

തലശ്ശേരി: നഗരസഭാ ആരോഗ്യ വിഭാഗം നഗര പ്രദേശത്തെ ഹോട്ടലുകളിൽ പരിശോധന നടത്തിയതിനെ തുടർന്ന് കോടതിക്ക് അടുത്ത് സിവ്യൂ പാർക്കിൽ പ്രവർത്തിക്കുന്ന തലശ്ശേരി റസ്റ്റോറന്റ് അധികൃതർ അടച്ച് പൂട്ടി. പഴകിയയതും വൃത്തിഹീനവുമായ സ്ഥലങ്ങളിൽ സൂക്ഷിച്ച ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തിയതിനെ തുടർന്നാണ് അടച്ച് പൂട്ടിച്ചത്. പഴകിയ ഭക്ഷണം ഫ്രീസറിൽ സൂക്ഷിച്ച നിലയിലായിരുന്നു.നേരത്തെ നടത്തിയ പരിശോധനകളിൽ റസ്റ്റോറന്റിന് സമീപത്തെ ഓടകൾ വൃത്തിഹീനമായിരുന്നതായി കണ്ടെത്തിയിരുന്നു. ഇത് കണ്ടെത്തിയതിനാൽ ന്യൂനതകൾ പരിഹരിക്കാനായി ആരോഗ്യ വിഭാഗം നോട്ടീസ് നൽകിയിട്ടും നടപടി സ്വീകരിച്ചിരുന്നില്ല. മറ്റ് നാല് ഹോട്ടലകൾക്ക് ആരോഗ്യ വിഭാഗം നോട്ടീസ് നൽകി. തലശ്ശേരി പോലിസ് സ്റ്റേഷനടുത്തുള്ള പെപ്പർ പാലസ്, മഞ്ഞോടിയിലെ ഓയിസ്റ്റർ കഫെ, തിരുവങ്ങാട്ടെ ശ്രീരാമചന്ദ്ര വിലാസം, സംഗമം കവലയിലെ ടീ വേൾഡ്, ടീ ഷോപ്പ് എന്നിവയ്ക്കാണ് ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. പല ഹോട്ടലുകളും വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിച്ചു വരുന്നതെന്നാണ് ആക്ഷേപം. പരിശോധനകൾ വരും ദിവസങ്ങളിലും തുടരുമെന്ന് അധികൃതർ അറിയിച്ചു. ഇന്ന് രാവിലെ നടത്തിയ പരിശോധനയിൽ നഗരസഭ ഹെൽത്ത് വിഭാഗം സൂപ്രവൈസർ കെ. പ്രമോദ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ സി.സജീവ്, അരുൺ എസ്.നായർ, വി.അനിൽകുമാർ, എം.സുനിൽ എന്നിവർ നേതൃത്വം നൽകി.


സിവ്യൂ പാർക്കിൽ പ്രവർത്തിക്കുന്ന തലശ്ശേരി റസ്റ്റോറന്റിൽ നിന്ന് പിടിച്ചെടുത്ത പഴകിയ ഭക്ഷ്യവസ്തുക്കളുമായി ആരാഗ്യവിഭാഗം അധികൃതർ

## 'സാലഭഞ്ജിക' പ്രകാശനം 27ന്

മാഹി: നാടകാചാര്യൻ എൻ.കെ കൃഷ്ണന്റെ മകൾ മിനി സുഗതൻ രചിച്ച 'സാലഭഞ്ജിക' കവിതാ സമാഹാരത്തിന്റെ പ്രകാശനം 27ന് മൂന്ന് മണിക്ക് മാഹി റെയിൽവെ സ്റ്റേഷൻ റോഡിലെ സി.എച്ച് ഗംഗാധരൻ ഹാളിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ന

അടിയേരി ഗംഗാധരന്റെ അധ്യക്ഷതയിൽ രമേശ് പറമ്പത്ത് എം.എൽ.എ പ്രകാശനം ചെയ്യും. മുതിർന്ന മാധ്യമ പ്രവർത്തകൻ ചാലക്കര പുരുഷു ഏറ്റുവാങ്ങും. കവി ചാത്തന്നൂർ വിജയനാഥ് പുസ്തകപരിചയം നടത്തും. മുൻ ഡി.ജി.പി അഡ്വ. ടി.ആസഫലി വിശിഷ്ടാതിഥിയായിരിക്കും. പോലിസ് സൂപ്രണ്ട് രാജശങ്കർ വെള്ളാട്ട് വിശിഷ്ടാതിഥിയായിരിക്കും.

വന്യജീവി ഫോട്ടോഗ്രാഫർ അസീസ് മാഹി, സി.വി രാജൻ പെരിങ്ങാടി, കെ.കെ രാജീവ്, കവി രാജേഷ് പനങ്ങാട്ടിൽ, ചലച്ചിത്ര ഗാന രചയിതാവ് പ്രഭാകരൻ നറുകര, സോമൻ പന്തക്കൽ , കെ.ഹരീന്ദ്രൻ, എം.എ കൃഷ്ണൻ, സോമൻ മാഹി , ചന്ദ്രമോഹൻ പാലത്തായി, കെ.ഇ സുലോചന തുടങ്ങിയവർ സംസാരിക്കും. കവിതാലാപനവുമുണ്ടാകും. വാർത്താസമ്മേളനത്തിൽ സി.വി.രാജൻ പെരിങ്ങാടി, കവയിത്രി മിനി സുഗതൻ, ചന്ദ്രമോഹൻ പാലത്തായി, സോമൻ മാഹി എന്നിവർ പങ്കെടുത്തു.

# റോട്ടറി ഈസ്റ്റിന്റെ കരുതൽ; സൗജന്യ ഡയാലിസർ കിറ്റ് വിതരണം ചെയ്തു



ഡയാലിസർ കിറ്റ് വിതരണോദ്ഘാടനം മാതൃഭൂമി ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി ചന്ദ്രൻ നിർവഹിക്കുന്നു

കോഴിക്കോട്: റോട്ടറി കാലിക്കറ്റ് ഈസ്റ്റ്, എം.എൽ ഗുപ്ത ചാരിറ്റബിൾ സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കിയ വൃക്ക രോഗികൾക്കുള്ള ഡയാലിസർ കിറ്റ് കൈമാറി. അർഹരായ 150 പേർക്കാണ് ആദ്യഘട്ടത്തിൽ സൗജന്യമായി വിതരണം ചെയ്തത്.

നടക്കാവ് ചക്കോരത്ത്കുളം റോട്ടറി യൂത്ത് സെന്ററിൽ നടന്ന ചടങ്ങ് റോട്ടറി 3204 ഗവർണർ പ്രമോദ് വി. നായനാർ ഉദ്ഘാടനം ചെയ്തു. ഡയാലിസർ കിറ്റ് വിതരണോദ്ഘാടനം മാതൃഭൂമി ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി ചന്ദ്രൻ നിർവഹിച്ചു. റോട്ടറി ഈസ്റ്റ് പ്രസിഡന്റ് എം.ശ്രീകുമാർ അധ്യക്ഷത വഹിച്ചു. അസി. ഗവർണർ ഡോ. പി.ആർ ശശീന്ദ്രൻ, മുൻ പ്രസിഡന്റുമാരായ വിജയ് അർജുൻദാസ് ലുല്ല, സഞ്ജീവ് സാബു, മോഹനസുന്ദരം എന്നിവർ സംസാരിച്ചു. എ .മോനി സ്വാഗതവും സെക്രട്ടറി ജി. സുന്ദർ രാജുലു നന്ദിയും പറഞ്ഞു.

## റീഇൻവെന്റ് കോഴിക്കോട് നിക്ഷേപക സംഗമത്തിൽ സ്റ്റാർട്ടപ്പുകൾക്ക് പങ്കെടുക്കാം

കോഴിക്കോട്: കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ.എസ്.എസ്.ഐ.എ) ഈ മാസം 30ന് സംഘടിപ്പിക്കുന്ന റീഇൻവെന്റ് കോഴിക്കോട്- ഇൻവെസ്റ്റേഴ്സ് മീറ്റ് 2023ൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും ഫണ്ടിങ് അവസരം കണ്ടെത്താനും സ്റ്റാർട്ടപ്പ് സംരംഭകർക്ക് അവസരം.

വ്യാവസായിക മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നമോ സോഫ്റ്റ്വെയറോ, സേവനങ്ങളോ നൽകുന്ന ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളായിരിക്കണം. കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർ അഭികാമ്യം, റോബോട്ടിക്സ്, ഐ.ഒ.ടി, എ.ആർ, വി.ആർ, മാലിന്യ സംസ്കരണം, ഇ-കൊമേഴ്സ്, ഫിൻടെക്, സപ്ലൈ ചെയ്ൻ, ലോജിസ്റ്റ്ക്സ് മേഖലകൾക്ക് മുൻഗണന ലഭിക്കും.

തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നം/ സേവനം നിക്ഷേപ സംഗമത്തിലെത്തുന്ന നിക്ഷേപകർക്കു മുൻപിൽ അവതരിപ്പിക്കാൻ അവസരം ലഭിക്കും. ഒരു സ്റ്റാളും സൗജന്യമായി ലഭിക്കും. അപേക്ഷകൾ reinvent-kerala@gmail.com എന്ന ഇ-മെയിലിലേക്ക് അയക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9945974296.



ബ്രാന്റഡ് ഹാർഡ്‌വുഡ് ഉൽപ്പന്നമായ ഹിൽവുഡിന്റെ ലോഞ്ചിങ്, സംരംഭകരായ ഷാസ് അഹമ്മദും ഷിബിൽ മൊഹിദീനും ചേർന്ന് നിർവഹിച്ചപ്പോൾ

# തടി വ്യവസായത്തിൽ വിപ്ലവം; ബ്രാന്റ് ഉൽപ്പന്നവുമായി 'ഹിൽവുഡ്'

കോഴിക്കോട്: ഇന്ത്യയിലെ ആദ്യത്തെ ബ്രാന്റഡ് ഹാർഡ്‌വുഡ് ഉൽപ്പന്നമായ 'ഹിൽവുഡ്' വിപണിയിലെത്തി. മരവ്യവസായ രംഗത്ത് വർഷങ്ങളുടെ പാരമ്പര്യത്തിന്റെ പിൻബലമുള്ള യുവ സംരംഭകരായ ഷാസ് അഹമ്മദും ഷിബിൽ മൊഹിദീനും ചേർന്നാണ് പ്രൊഡക്റ്റ് ലോഞ്ച് ചെയ്തത്. ഇതോടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ അഭിമുഖീകരിക്കുന്ന വിവിധതരത്തിലുള്ള പ്രതിസന്ധികൾക്ക് പരിഹാരമാകും. മലേഷ്യയടക്കമുള്ള വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന മര ഉരുപ്പടികൾ രാസപ്രക്രിയയിലൂടെ സംസ്കരിച്ചശേഷം ഗുണനിലവാരം ഉറപ്പുവരുത്തി ലഭ്യമാക്കുകയാണ് 'ഹിൽവുഡ്' എന്ന ബ്രാൻഡിന്റെ ലക്ഷ്യം. ഇന്ത്യൻ കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിധം മികച്ച ഗുണനിലവാരം, ഉറപ്പ്, സുരക്ഷ എന്നിവയ്ക്ക് പുറമെ മര ഉൽപന്നങ്ങളുടെ സൗന്ദര്യവും ആകർഷണീയതയും നിലനിർത്തിക്കൊണ്ടാണ് ഇവ നിർമിച്ചിരിക്കുന്നത്. ഉൽപന്നങ്ങളുടെ ലഭ്യതകുറയുകയും വില കൂടുകയും ചെയ്ത സാഹചര്യത്തിൽ കെട്ടിട നിർമാണരംഗത്ത് മരത്തിന് പകരമായി ഉപയോഗിച്ചുവന്നിരുന്ന കോൺക്രീറ്റ്-ഇരുമ്പ് ഉൽപ്പന്നങ്ങളോട് ഉപഭോക്താക്കൾക്കുണ്ടായ അസംതൃപ്തി പരിഹരിക്കാൻ കൂടി ലക്ഷ്യമിട്ടാണ് 'ഹിൽവുഡ്' രംഗത്ത് വന്നിരിക്കുന്നത്.

വർഷങ്ങൾ ഈടുനിൽക്കുക മാത്രമല്ല, പ്രകൃതിയുടെ സ്വാഭാവികമായ ആകർഷണിയത നിലനിർത്തിക്കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പുതിയബ്രാൻഡിനാവുമെന്നും വാതിൽ, ജനൽ എന്നിവ എളുപ്പത്തിൽ നിർമിക്കാവുന്ന രീതിയിലാണ് ഇവയുടെ നിർമണമെന്നും യുവസംരംഭകരായ ഷാസ് അഹമ്മദ്, ഷിബിൽ മൊഹിദീൻ എന്നിവർ വാർത്തസമ്മേളനത്തിൽ പറഞ്ഞു. ഗ്യാരണ്ടി ഉറപ്പു നൽകുന്ന ഈ ബ്രാൻഡഡ് ഡോർ, വിൻഡോ ഫ്രെയിമുകൾ എന്നിവ നിർമാണമേഖലയിൽ വൻമാറ്റത്തിന് വഴിയൊരുക്കും. പ്രകൃതി സംരക്ഷണത്തിനും പാരിസ്ഥിതിക അവബോധത്തിനും പ്രാധാന്യം നൽകുന്ന ആധുനികകാലത്ത് 'ഹിൽവുഡ്' ഉൽപ്പന്നങ്ങൾ വിപണിയിൽ വിപ്ലവംതന്നെ സൃഷ്ടിക്കുമെന്ന് 75 വർഷമായി തടിക്കച്ചവടത്തിലും നിർമാണത്തിലും മുൻപന്തിയിലുള്ള കുടുംബത്തിൽനിന്നുള്ള ഷാസ് അഹമ്മദ്, ഷിബിൽ മൊഹിദീൻ എന്നിവർഅറിയിച്ചു. വാർത്ത സമ്മേളനത്തിൽ വി.ഷെരീഫ്, പി.ആർ.ഒ കെ.സുരേഷ് എന്നിവരും പങ്കെടുത്തു.



കനകക്കുന്നിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയിലെ മൃഗസംരക്ഷണ വകുപ്പ് സ്റ്റാളില അണ്ണാൻ വർഗ്ഗത്തിൽപെട്ട ഷുഗർ ഗ്ലൈഡർ കുഞ്ഞൻമാർ

# ആനയെ മയക്കുവെടി വയ്ക്കുന്നത് അടുത്തറിയാം, മൃഗസംരക്ഷണ വകുപ്പ് സ്റ്റാളിലേക്ക് വരൂ...

തിരുവനന്തപുരം: അരിക്കൊമ്പൻ, പി.ടി 7 തുടങ്ങിയ കരിവീരന്മാരെ മയക്കിയ എലഫന്റ് സ്ക്വാഡ് പ്രവർത്തനങ്ങൾ അടുത്തറിയാൻ അവസരമൊരുക്കി മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാൾ. തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയിലെ മൃഗസംരക്ഷണ വകുപ്പ് സ്റ്റാളിലാണ് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ അഭിമാനമായ എലഫന്റ് സ്ക്വാഡ് ഡോക്ടർമാർ ആനകൾക്ക് എങ്ങനെ? എപ്പോൾ? എവിടെ വെച്ച് മയക്കുവെടി വെക്കുമെന്ന രീതികൾ കാണികൾക്ക് പ്രായോഗികമായി വിശദീകരിച്ചു കൊടുക്കുന്നത്. കൂടാതെ സ്റ്റാളിൽ വിദേശയിനം അലങ്കാരപക്ഷികൾക്കൊപ്പം ടർക്കിയും കുതിരയും എത്തിയിട്ടുണ്ട്. എലി വർഗ്ഗത്തിൽ പെട്ട ഹെഡ് ജോഗ്, ഫാൻസി എലികൾ, ഷോർട് ഹെയർ ഹാംസ്റ്റർ, ഗിർബൽ, അണ്ണാൻ വർഗ്ഗത്തിൽപെട്ട ഷുഗർ ഗ്ലൈഡർ കുഞ്ഞൻ ഇനങ്ങളും കുട്ടികളെ ഏറെ ആകർഷിച്ച് മേളയിലെ താരങ്ങളാവുകയാണ്. എന്റെ കേരളം മേള കാണാൻ ജാർഖണ്ഡ് കൃഷി മൃഗസംരക്ഷണ സഹകരണ വകുപ്പ് മന്ത്രി ബാദൽ പത്രലേഖ മൃഗസംരക്ഷണ വകുപ്പ് സ്റ്റാളിലെത്തി. കേരളത്തിലെ കാർഷിക, മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന മികച്ച മാതൃകകളെ അടുത്തറിയാനും പകർത്താനുമായാണ് ജാർഖണ്ഡ് മന്ത്രി കേരളത്തിലെത്തിയത്.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.